73 B1 - 21752/19

# വികുപ്പ് തല പരിശോധനാ റിപ്പോർട്ട്
# ജില്ലാ പട്ടികജാതി വികസന ഓഫീസ്, ആലപ്പുഴ

| | | |
|---|---|---|
| പരിശോധന കാലയളവ് | : | 01/04/18 മുതൽ 31/03/2019 വരെ |
| പരിശോധന തീയതി | : | 14/10/2019 മുതൽ 19/10/2019 വരെ |
| പരിശോധന വിഭാഗം | : | ഫിൻ സി വിഭാഗം |
| ജൂനിയർ സൂപ്രണ്ട് | : | വി. എസ്. കൃഷ്ണകുമാർ |
| സീനിയർ ക്ലാർക്ക് | : | ബി. കെ. ഗോപകുമാർ |

പരിശോധനാ കാലയളവിൽ ഓഫീസിന്റെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരുടെ പേരും കാലയളവും.

A. ജില്ലാ പട്ടിക ജാതി വികസന ആഫീസർമാർ

1. ശ്രീമതി. ശാന്താമണി കെ. കെ. - PEN- 227387 - 01.04.2018 മുതൽ 31.07.2018 വരെ
2. ശ്രീമതി. സബിത പി. (ഇൻ ചാർജ്ജ്) - PEN- 226174 - 01.08.2018 മുതൽ 19.08.2018 വരെ
3. ശ്രീമതി. ബെഞ്ചമിൻ ബി - PEN- 226842 - 20.08.2018 മുതൽ തുടരുന്നു.

B. അസിസ്റ്റന്റ് ജില്ലാ പട്ടിക ജാതി വികസന ആഫീസർമാർ

1. ശ്രീമതി. ഉഷാദേവി പി - PEN- 226841 - 01.04.2018 മുതൽ 30.06.2018 വരെ
2. ശ്രീമതി. സബിത പി. - PEN- 226174 - 02.07.2018 മുതൽ 17.10.2018 വരെ (1.07.2018 Sunday)
3. ശ്രീ. രാജേഷ് വി. , ജൂനിയർ സൂപ്രണ്ട് (ഇൻ ചാർജ്ജ്) - PEN- 226850 - 18.10.2018 മുതൽ 21.10.2018 വരെ
4. ശ്രീമതി. മായാ ഗോപീദാസ് - PEN- 226844 - 22.10.2018 മുതൽ 01.02.2019 വരെ
5. ശ്രീ. രാജേഷ് വി. , ജൂനിയർ സൂപ്രണ്ട് (ഇൻ ചാർജ്ജ്) - PEN- 226850 - 02.02.2019 മുതൽ 31.03.2019 വരെ

## ഭാഗം ഒന്ന്

## ആമുഖം

കേരളത്തിലെ ഒരു തീരദേശ ജില്ലയാണ് ആലപ്പുഴ. 1415 ചതുരശ്ര വിസ്തൃതിയുള്ള ജില്ലയിൽ 2011-ലെ കാനേഷുമാരി പ്രകാരം ആകെ ജനസംഖ്യ 2121789 ആണ്. പട്ടികജാതി വിഭാഗത്തിലെ 201211 പേരിൽ 97180 പേർ പുരുഷൻമാരും 104031 പേര് വനിതകളുമാണ്. പട്ടികജാതി വിഭാഗത്തിലെ പുലയ, വേലൻ മണ്ണാൻ, പറവൻ എന്നീ വിഭാഗക്കാരാണ് ഈ ജില്ലയിൽ കൂടുതലായി കണ്ടുവരുന്നത്. ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർ നാമ മാത്രമേയുള്ളൂ. 12 ബ്ലോക്ക് പഞ്ചായത്തും 6 മുനിസിപ്പാലിറ്റിയും നിലവിലുണ്ടെങ്കിലും 12 ബ്ലോക്കുകളിൽ മാത്രമാണ് പട്ടികജാതി വികസന ഓഫീസുകൾ ഉള്ളത്. മുനിസിപ്പാലിറ്റികളിലെ ചുമതല തൊട്ടടുത്ത ബ്ലോക്കിലെ പട്ടികജാതി വികസന ആഫീസർക്കാണ് നൽകിയിട്ടുള്ളത്.

ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസിലെ 01/04/2018 മുതൽ 31/03/2019 വരെയുള്ള കാലയളവിലെ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

(എ.) എ. ജി. യുടെ പരിശോധനാ റിപ്പോർട്ട് :

ഈ ഓഫീസിലെയും, ചമ്പക്കുളം, ആര്യാട്, കഞ്ഞിക്കുഴി, അമ്പലപ്പുഴ എന്നീ പട്ടികജാതി വികസന ഓഫീസുകളിലെയും 01/04/2016 മുതൽ 31/03/2017 വരെയുള്ള കാലയളവിലെ പൊതു പരിശോധനാ റിപ്പോർട്ട് എ. ജി. യുടെ 16/10/2017-ലെ OA(HQ)II/IV/12-35/2017-18/504 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന് ഈ ഓഫീസിലെ എ6/20875/17 തീയതി 17/01/2018 പ്രകാരം മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടിലെ 11, 14, 15, 16, 17, 20, 21 , 22 എന്നീ ഖണ്ഡികകൾ തീർപ്പാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഖണ്ഡികകൾക്കുള്ള മറുപടി 26/09/2019 -ലെ എ6/20875/17 നമ്പർ കത്ത് മുഖേന നൽകിയതായും കാണുന്നു.

എ. ജി. യുടെ മുൻപരിശോധനാ റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികളുടെ വിവരം ചുവടെ ചേർക്കുന്നു. ടി ഖണ്ഡികകൾക്കും മറുപടി അയച്ചിട്ടുള്ളതായി കാണുന്നു. എ. ജി. യിൽ നിന്നും കത്ത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പരിശോധനാ റിപ്പോർട്ട് | തീർപ്പാക്കാനുള്ള ഖണ്ഡികൾ |
|---|---|---|
| 1 | OA(HQ)II/IV/12-551/07-08 | Part IIA-Para I |
| 2 | OA(HQ)II/IV/12-238/10-11 | Part IIB-Para I |
| 3 | OA(HQ)II/IV/12-119/14-15 | Part IIA-Para I |
| 4 | OA(HQ)II/IV/12-102/15-16 | Part IIA-Para I,<br>Part IIB- Para I to X |
| 5 | OA(HQ)II/IV/12-114/16-17 | Part IIA-Para I to X |

ബി. വകുപ്പുതല പരിശോധനാറിപ്പോർട്ട് :

ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസിലെ 01/05/2015 മുതൽ 31/03/2017 വരെയും 01/04/2017 മുതൽ 31/03/2018 വരെയുള്ള കാലയളവുകളിലെ വകുപ്പു തല പരിശോധനാ റിപ്പോർട്ട് കൾക്കുള്ള ന്യൂനത പരിഹരണ റിപ്പോർട്ടുകൾ അയച്ചിട്ടുള്ളതായി കാണുന്നു. (ഡയറക്ടറേറ്റിലെ ഫയൽ നമ്പർ ഫിൻ ബി/2356/18, ഫിൻ ബി1/22711/18) ആയത് അംഗീകരിച്ചതായുള്ള മറുപടി ലഭിച്ചതായി ഫയലിൽ കാണുന്നില്ല. മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

ഭാഗം രണ്ട്

ക്യാഷ്ബുക്കും അനുബന്ധരേഖകളും

I. ക്യാഷ്ബുക്കും/ ബിൽബുക്കും

(a) ബിൽ നമ്പർ 267/18-19 . pay revision arrear പ്രകാരമുള്ള 66708/- രൂപയുടെ ബിൽ 30/06/2018-ന് ബിൽ ബുക്കിലെ കോളം 10 (b) യിൽ തുക എഴുതി ട്രഷറി പാസ്സാക്കിയിട്ടുണ്ട്. എന്നാൽ 30/06/2018-ന് ക്യാഷ് ബുക്കിൽ ഇതേ ബിൽ നമ്പർ രേഖപ്പെടുത്തി തുകയുടെ കോളത്തിൽ 'Nil' എന്നെഴുതിയിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

(b) ബിൽ നമ്പർ 1863/18-19 . 'PCR Act' പ്രകാരമുള്ള ബിൽ തുക 412500/- രൂപയാണ്. എന്നാൽ ഈ തുകയ്ക്ക് പകരം ട്രഷറി ആഫീസർ ബിൽ ബുക്കിലെ കോളം 10 (b) യിൽ തുക എഴുതി പാസ്സാക്കിയ തുക 412000/- രൂപയാണ് ട്രഷറിയുമായി ബന്ധപ്പെട്ട് ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

(c) ബിൽ നമ്പർ 1931/18-19 PF പ്രകാരമുള്ള1,10,200/- രൂപയുടെ ബിൽ 28/03/2019-ന് ട്രഷറിയ്ക്ക് നൽകിയത് പാസ്സാക്കിയതായോ, റദ്ദു ചെയ്തതായോ, നിരാകരിച്ചതായോ ക്യൂവിലാണെന്നോ ഉള്ള രേഖപ്പെടുത്തലുകളൊന്നും ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച നിജസ്ഥിതി അറിയിക്കേണ്ടതാണ്.

(d) ബിൽ നമ്പർ 1376/18-19 GOI പ്രകാരം 20/12/18-ന് 42310/- രൂപയാണ് മാറിയിട്ടുള്ളത്. എന്നാൽ ക്യാഷ് ബുക്കിൽ ഈ തുകയ്ക്കു പകരം 43210/- രൂപയാണ് വരവും ചെലവും രേഖപ്പെടുത്തിയിരിക്കുന്നത്. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

(e) പരിശോധന തീയതിയായ 14/10/19-ന് ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക ഇല്ല. ആയത് ശരിയാണെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

2. **STSB അക്കൗണ്ടുകൾ**

(a) അക്കൗണ്ട് നമ്പർ 126 (706011400000126)

(i) ഈ അക്കൗണ്ടുമായി ബന്ധപ്പെട്ട് ചെക്ക് ഇഷ്യൂ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. ഈ രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

(ii) ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം 29/06/2019-ന് ഈ അക്കൗണ്ടിൽ നീക്കിയിരിപ്പ് തുക ഇല്ല. എന്നാൽ 6/2019-ൽ ട്രഷറി നൽകിയ പാസ്സ് ബുക്ക് സ്റ്റേറ്റു മെന്റ് പ്രകാരം 16054/- രൂപ മിച്ചമുള്ളതായി കാണുന്നു. ട്രഷറി കണക്കുമായി ഒത്തു നോക്കി നിജസ്ഥിതി (ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുടെ വിവരം) അറിയിക്കേണ്ടതാണ്.

(b) <u>അക്കൗണ്ട് നമ്പർ 50 (അട്രോസിറ്റി ഗ്രാന്റുമായി ബന്ധപ്പെട്ടത്)</u>

ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം ഈ അക്കൗണ്ടിൽ ആകെ 38966/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബന്ധപ്പെട്ട പാസ്സ് ബുക്ക് പരിശോധനയ്ക്ക് ലഭിച്ചില്ല. നിലവിൽ ഈ അക്കൗണ്ട് വഴി പണമിടപാടുകൾ ഇല്ല. ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടികളിലേക്ക് തുകകൾ ക്രെഡിറ്റ് ചെയ്ത് നൽകുകയാണ് ചെയ്യുന്നത്. ആയതിനാൽ ട്രഷറി കണക്കുകളുമായി ഒത്തു നോക്കി മിച്ചമുള്ള തുക,അക്കൗണ്ട് ക്ലോസ്സ് ചെയ്ത് സർക്കാർ ഖജനാവിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

3. **TR-5 രസീത് ബുക്കും അവയുടെ സ്റ്റോക്ക് രജിസ്റ്ററും**

i. TR-5 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പഴയ മാതൃകയിലുള്ളതും ഉപയോഗിക്കാത്തതുമായ 9 TR-5 രസീത് ബുക്കുകളും 7 കേന്ദ്രീകൃത നമ്പറിംഗ് സിസ്റ്റം അനുസരുച്ചുള്ള ഒരു രസീത് ബുക്ക് (ബുക്ക് നമ്പർ 208) നിലവിൽ ഉപയോഗിച്ചു വരുന്നുണ്ടെങ്കിലും സ്റ്റോക്കിൽ കുറവ് വരുത്തിക്കാണുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

ii. TR-5 രസീത് ബുക്ക് നമ്പർ 208-ലെ രസീത് നമ്പർ 20701 മുതൽ 20706 വരെ ഉപയോഗിച്ചിട്ടുണ്ട്. പരിശോധനാ കാലയളവിൽ TR-5 രസീതുകൾ ഉപയോഗിച്ചിട്ടില്ല. പുതിയ മാതൃകയിലുള്ള TR-5 രസീത് ബുക്കുകളുടെ നമ്പരുകളും രസീത് നമ്പരുകളും കൂടി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

iii. പഴയ മാതൃകയിലുള്ള 9 TR-5 രസീത് ബുക്കുകൾ G.O.(P)No.213/2013/FIN തീയതി 09/05/2013-ലെ നിർദ്ദേശ പ്രകാരം നശിപ്പിച്ചു കളയേണ്ടതും ആ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

iv. നിലവിലെ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ചാർജ് കൈമാറി നൽകിയ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

<u>സി. ആർ. ഡി. ആർ.</u>

പരിശോധനാകാലയളവിൽ സി. ആർ. ഡി. ആർ. വഴിയുള്ള പണമിടപാടുകൾ ഇല്ല.

<u>ചെലാൻ ഫയൽ</u>

പരിശോധനാകാലയളവിൽ ചെല്ലാൻ പ്രകാരം തുകകളൊന്നും തിരിച്ചടച്ചിട്ടില്ല. ആയതിനാൽ ചെല്ലാൻ ഫയൽ പരിപാലിച്ചിട്ടില്ല.

<u>അക്വിറ്റൻസ് (ഫുൾ ടൈം/പാർട്ട് ടൈം സ്റ്റാഫ്, അപ്രന്റീസ് ക്ലാർക്ക്)</u>

a) ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റാനുകൂല്യങ്ങൾ എന്നിവ ബാങ്ക് അക്കൗണ്ട് വഴിയായതിനാൽ നിശ്ചിതമാതൃകയിലുള്ള അക്വിറ്റൻസ് രജിസ്റ്റർ പരിപാലിച്ചു വരുന്നില്ല. എന്നാൽ ബില്ലിനോടൊപ്പം വയ്ക്കുന്ന ബാങ്ക് സ്റ്റേറ്റ് മെന്റ് സൂക്ഷിച്ചിട്ടുണ്ട്. ക്രെഡിറ്റ് അക്നോളഡ്ജ്മെന്റ് സ്ലിപ്പ് ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

b) ബില്ലിനോടൊപ്പം നൽകുന്ന ബാങ്ക് സ്റ്റേറ്റ്മെന്റ് 29/09/2018 വരെ ബിൽ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി വച്ചിട്ടുണ്ട്. ശേഷമുള്ള കാലയളവിൽ ബിൽ വിവരങ്ങൾ രേഖപ്പെടുത്താതയും സാക്ഷ്യപ്പെടുത്താതെയുമാണ് ബാങ്ക് സ്റ്റേറ്റ്മെന്റ് സൂക്ഷിച്ചിട്ടുള്ളത്. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

<u>കണ്ടിജന്റ് ബിൽ പകർപ്പുകൾ/വൗച്ചറുകൾ/ബാങ്ക് സ്റ്റേറ്റ്മെന്റ് etc</u>

(a) കണ്ടിജന്റ് ബിൽ പകർപ്പുകളോടൊന്നിച്ചാണ് വൗച്ചറുകൾ സൂക്ഷിച്ചു വരുന്നത്. എന്നാൽ ചില ബിൽ പകർപ്പുകളിൽ വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ടി ബിൽ പകർപ്പുകളോടൊപ്പം ബന്ധപ്പെട്ട വൗച്ചറുകകൂടി ചേർത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ബിൽ നമ്പർ | ബിൽ തുക | തുക ക്രെഡിറ്റ് ചെയ്ത തീയതി | ഇനം |
|---|---|---|---|
| 1553/18-19 | Rs. 2534/- | 15/02/2019 | ഓഫീസ് ചെലവുകൾ |
| 1749/18-19 | Rs. 2757/- | 14/03/2019 | ഓഫീസ് ചെലവുകൾ |
| 1750/18-19 | Rs. 2500/- | 14/03/2019 | ഡീസൽ ചെലവ് |

(b) കണ്ടിജന്റ് ബിൽ പകർപ്പുകൾ ക്രമമായി സൂക്ഷിച്ചു കാണുന്നില്ല. ബിൽ പകർപ്പുകളിൽ നിന്ന് ബിൽ നമ്പർ, തുക ക്രെഡിറ്റ് ചെയ്ത തീയതി എന്നിവ രേഖപ്പെടുത്തി ക്രമമായി സൂക്ഷിക്കേണ്ടതാണ്.

(c) കണ്ടിജന്റ് ബിൽ മുഖേന മാറുന്ന തുകകൾ ബാങ്ക് അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 28/06/2018-ന് ശേഷം ഇവ സാക്ഷ്യപ്പെടുത്തി വച്ചിട്ടില്ല. 17/11/18 മുതൽ ഇവയിൽ ബിൽ നമ്പർ, ഗ്രോസ് തുക, നെറ്റ് തുക, തുക ക്രെഡിറ്റ് ചെയ്ത തീയതി എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

## പാർട്ട് III

### വിവിധ പദ്ധതികൾ സംബന്ധിച്ച

#### 1. വിവാഹധന സഹായം

2018-19 സാമ്പത്തിക വർഷം വിവാഹധനസഹായ പദ്ധതി പ്രകാരം 397 ഗുണഭോക്താകൾക്കായി 29625000/- രൂപ അനുവദിച്ചിട്ടുണ്ട്. ഫയൽ, രജിസ്റ്റർ എന്നിവ നന്നായി പരിപാലിക്കുന്നുണ്ട്. ചില ബ്ലാക്ക് പട്ടികജാതി വികസന ആഫീസർമാരിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല. SCDO – മാർ സമർപ്പിക്കുന്ന വിനിയോഗ സർട്ടിഫിക്കറ്റ് കൂടി അക്കൗണ്ടന്റ് ജനറലിന് അയച്ച വിവരം റിപ്പോർട്ട് ചെയ്യുക. മറ്റ് പരാമർശങ്ങൾ ഇല്ല.

#### 2. മിശ്ര വിവാഹധന സഹായം

2018-19 സാമ്പത്തിക വർഷം മിശ്രവിവാഹധനസഹായ പദ്ധതി പ്രകാരം 139 ഗുണഭോക്താകൾക്കായി 89,75,000/- രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ ബ്ലാക്ക് പട്ടികജാതി വികസന ആഫീസർമാരിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല. പരിശോധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഫയൽ, രജിസ്റ്റർ എന്നിവ നന്നായി പരിപാലിക്കുന്നുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

#### 3. വിദേശ ധനസഹായ പദ്ധതി

പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും, വിസ സംബന്ധമായ ചിലവുകൾക്കുമായി വകുപ്പിൽ നിന്ന് ധനസഹായം അനുവദിക്കുന്നുണ്ട്. ടി ഇനത്തിൽ 2018-19 സാമ്പത്തിക വർഷം 101 പേർക്ക് 85,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. മാവേലിക്കര ബ്ലോക്കിൽ നിന്ന് 49 പേർക്കും, ഭരണിക്കാവ് ബ്ലോക്കിൽ നിന്ന് 23 പേർക്കും ആനുകൂല്യം അനുവദിച്ചതായി കാണുന്നു. എന്നാൽ പട്ടണക്കാട് കഞ്ഞിക്കുഴി ബ്ലോക്കിൽ നിന്നും ഒരാൾക്കുപോലും ആനുകൂല്യം അനുവദിച്ചിട്ടില്ല.

#### 4. സ്വയം തൊഴിൽ ധനസഹായ പദ്ധതി

സ്വയം- തൊഴിൽ ധനസഹായ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 25 ഗുണഭോക്താകൾക്ക് 2,05,933/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഫയലും രജിസ്റ്ററും നന്നായി പരിപാലിച്ചിട്ടുണ്ട്. എല്ലാ SCDO-മാരിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല. എല്ലാ SCDO-മാരും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം റിപ്പോർട്ട് ചെയ്യുക.

#### 5. ചികിത്സാ ധനസഹായം

2018-19 സാമ്പത്തിക വർഷം ചികിത്സാ ധനസഹായം നൽകിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | റിമാർക്കസ് |
|---|---|---|---|
| 2018-19 | 1091 | 2,03,91,500/- | Plan |
| | 154 | 29,97,500/- | N-Plan |

ഫയലും രജിസ്റ്ററും നന്നായി പരിപാലിച്ചിട്ടുണ്ട്. എല്ലാ ബ്ലോക്കിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

6. ടോയ്‌ലറ്റ് ഗ്രാന്റ്

ആലപ്പുഴ ജില്ലയിൽ ടി പദ്ധതി പ്രകാരം 2012-13 മുതൽ 2015-16 വരെ അനുവദിച്ച ടോയലറ്റുകളുടെ ഭൗതീക പുരോഗതി ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തിയാക്കിയവർ | ഇനിയും പൂർത്തിയാക്കാത്തവർ |
|---|---|---|---|
| 2012-13 | 1603 | 1527 | 76 |
| 2013-14 | 1615 | 1575 | 40 |
| 2014-15 | 464 | 431 | 33 |
| 2015-16 | 734 | 667 | 67 |
| ആകെ | 4416 | 4200 | 216 |

2012-13 മുതൽ 2015-16 വരെ 216 പേർ ഇനിയും പൂർത്തിയാക്കാതെ അവശേഷിക്കുന്നുണ്ട്. കേരളത്തെ സമ്പൂർണ്ണ ODF സംസ്ഥാനമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇവ അടിയന്തിരമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരക്കേണ്ടതാണ്.

7. ഭൂരഹിത പുനഃരധിവാസ പദ്ധതി

2018-19 സാമ്പത്തിക വർഷം ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നഗരസഭയിൽ 30 പേർക്കും പഞ്ചായത്തുകളിൽ 161 പേർക്കും ഉൾപ്പെടെ ആകെ 191 പേർക്ക് 7,34,43,600/- രൂപ അനുവദിച്ചിട്ടുണ്ട്. ഫയൽ നന്നായി പരിപാലിക്കുന്നുണ്ട്. അത് സംബന്ധിച്ച ഒരു രജിസ്റ്റർ കൂടി പരിപാലിക്കേണ്ടതാണ്. പല പട്ടികജാതി വികസന ഓഫീസർമാരിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല. പരിശോധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

8. ഭവന നിർമ്മാണ പദ്ധതി

2007-08 മുതൽ 2017-18 വരെയുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഭൗതിക ലക്ഷ്യം | പണി പൂർത്തിയാക്കിയ വീടുകളുടെ എണ്ണം | 01/04/2019-ൽ പൂർത്തിയാക്കാതെ അവശേഷിക്കുന്ന വീടുകളുടെ എണ്ണം | പൂർത്തിയാക്കാതെ അവശേഷിക്കുന്ന വീടുകളുടെ സ്റ്റേജ് | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 162 | 108 | 54 | 18 | 11 | 25 |
| 2008-09 | 315 | 248 | 67 | 22 | 20 | 25 |
| 2009-10 | 426 | 369 | 57 | 17 | 17 | 23 |
| 2010-11 | 284 | 250 | 34 | 12 | 11 | 11 |
| 2011-12 | 165 | 152 | 13 | 4 | 2 | 7 |
| 2012-13 | 269 | 225 | 44 | 21 | 10 | 13 |
| 2013-14 | 377 | 322 | 55 | 0 | 23 | 32 |
| 2014-15 | 270 | 238 | 32 | 6 | 11 | 15 |
| 2015-16 | 378 | 320 | 58 | 20 | 14 | 24 |
| 2016-17 | 1007 | 717 | 290 | 128 | 68 | 94 |
| 2017-18 | 576 | 395 | 181 | 64 | 55 | 62 |

2007-08 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കളിൽ ഇപ്പോഴും ഒന്നാം ഗഡുവിൽ നിൽക്കുന്നവരുടെ ഭവന നിർമ്മാണം സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ അന്വേഷിക്കേണ്ടതാണ്. ഇനിയും പൂർത്തിയാക്കാനുള്ള വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തത വരുത്തേണ്ടതാണ് കൂടാതെ ഇവ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

9. ഭവന പുന:രുദ്ധാരണ പദ്ധതി

2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ഭവന പുന:രുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം നൽകിയവരുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിവർ | ഇനിയും പൂർത്തിയാക്കുവാനുള്ളവർ |
|---|---|---|---|
| 2013-14 | 399 | 381 | 18 |
| 2014-15 | 409 | 384 | 25 |
| 2015-16 | 395 | 362 | 33 |
| 2016-17 | 492 | 421 | 71 |
| ആകെ | 1695 | 1548 | 147 |

2017-18 വർഷം മുതൽ ടി പദ്ധതിയ്ക്ക് പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടില്ല. 2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ അനുവദിച്ചതിൽ 147 വീടുകളുടെ പുനരുദ്ധാരണം ഇനിയും പൂർത്തിയാക്കാതെ അവശേഷിക്കുന്നു, ടി വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

10. പഠനമുറി നിർമ്മാണം

2017-18 സാമ്പത്തിക വർഷം മുതൽ ഹൈസ്കൂൾ തലങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായി നിലവിലുള്ള വീടിനോട് ചേർന്ന് 120 Sq. Ft ൽ ഒരു പുതിയ മുറിനിർമ്മിക്കുന്നതിന് 200000/- രൂപ നൽകുന്ന പദ്ധതിയാണിത്. 2017-18, 2018-19, എന്നീ വർഷങ്ങളിൽ ടി പദ്ധതി പ്രകാരം അനുവദിച്ച പഠന മുറികളുടെ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ചത് | പൂർത്തിയാക്കിയത് | ഇനിയും പൂർത്തീയാക്കാനുള്ളത് | പൂർത്തിയാക്കാനുള്ളവയുടെ സ്റ്റേജ് | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2017-18 | 443 | 194 | 249 | 9 | 86 | 154 |
| 2018-19 | 355 | 98 | 257 | 178 | 59 | 20 |

രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഓരോ ബ്ലോക്ക് പട്ടികജാതി വികസന ആഫീസമാർക്കും അനുവദിച്ച തുക, സ്റ്റേജ് വിവരങ്ങൾ എന്നിവ ഒരു രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

11. സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണം

സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാ തല പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഡയറക്ടറുടെ 19/09/2018 ലെ ഡെവ. ബി3.-133658/18 നമ്പർ ഉത്തരവ് പ്രകാരം 50000/- രൂപ അനുവദിച്ചിരുന്നു. ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 27/09/2019-ലെ ഉത്തരവി നമ്പർ എ1-9477/18 പ്രകാരം ടി തുക മുൻകൂറായി മാറി. 12/10/2018-ൽ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് ജില്ലാ തല പരിപാടികൾ സംഘടിപ്പിച്ചു. ടി ആവശ്യത്തിലേക്ക് മാറിയ മുഴുവൻ തുകയും ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 27/03/2019-ലെ എ1-9477/18 നമ്പർ ഉത്തരവ് പ്രകാരം ക്രമീകരിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

12. അതിക്രമം തടയൽ നിയമം-ധനസഹായ പദ്ധതി

2018-19 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം 106 പേർക്ക് 10974950/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഫയലുകൾ വൃത്തിയായിട്ട് പരിപാലിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല. എ.ജി. ക്ക് യു. സി. അയച്ച് വിവരം റിപ്പോർട്ട് ചെയ്യുക.

13. അംബേദ്കർ ഗ്രാമ വികസന പദ്ധതി

അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതും, നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും, വികസന പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതിയാണ് അംബേദ്കർ ഗ്രാമ വികസന പദ്ധതി. ആലപ്പുഴ ജില്ലയിൽ 8 നിയോജകമണ്ഡലങ്ങളിലായി 13 കോളനികളെ തിരഞ്ഞെടുത്തു നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 9 എണ്ണം ജില്ലാ നിർമ്മിതിക്കും, 3 എണ്ണം KESNIK, 2 എണ്ണം വീതം . KSHB, KAICO എന്നീ ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. പുത്തൻപുരയിൽ കോളനിയിലെ പണി 80 % വും 6 കോളനികളുടെ പണികൾ 50% വും പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ പുരോഗതി അറിയിക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തികൾ അംഗീകൃത എസ്റ്റിമേറ്റ്/എഗ്രിമെന്റ് അനുസരിച്ചും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചും സമയബന്ധിതമായിട്ടാണ് പുരോഗമിക്കുന്നതെന്ന് കൃത്യമായി ഉറപ്പുവരുത്തേണ്ടതാണ്.

14. ലംപ്സംഗ്രാന്റ്

ആലപ്പുഴ ജില്ലയിൽ 2018-19 സാമ്പത്തിക വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് വിതരണം ചെയ്യുന്നതിനായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2018-19 | 23790 | 18147387 |

എല്ലാ SCDO- മാരും ലംപ്സംഗ്രാന്റ്, സ്റ്റൈപ്പെന്റ് ഓഡിറ്റ് രജിസ്റ്ററുകൾ പരിപാലിക്കുന്നുണ്ടെന്നും, വിനിയോഗ സർട്ടിഫിക്കറ്റ് സമയബന്ധിതമായി അയയ്ക്കുന്നുണ്ടെന്ന് DDO/ADDO ഉറപ്പു വരുത്തേണ്ടതാണ്. ചെങ്ങന്നൂർ, ഹരിപ്പാട് ബ്ലോക്കുകൾ വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല.

15. പ്രതിമാസ സ്റ്റൈപ്പെന്റ്

ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് 2018-19 വർഷം 6 വിദ്യാർത്ഥികൾക്കായി 12400/- രൂപ ചിലവഴിച്ചിട്ടുണ്ട്. അർഹതപ്പെട്ട ഒരു വിദ്യാർത്ഥിയും വിട്ടുപോയിട്ടില്ലെന്നും, എല്ലാ SCDO-മാരും സമയബന്ധിതമായി ഈ ആനുകൂല്യം മാറി നൽകുന്നുണ്ടെന്നും ADDO-മാർ ഉറപ്പു വരുത്തേണ്ടതാണ്.

16. പാരലൽ കോളേജ് വിദ്യാഭ്യാസാനുകൂല്യം

ജില്ലയിൽ 2018-19 സാമ്പത്തിക വർഷം SC/OEC വിഭാഗങ്ങൾക്ക് വിതരണം ചെയ്ത പാരലൽ കോളേജ് വിദ്യാഭ്യാസാനുകൂല്യം വിവരം ചുവടെ ചേർക്കുന്നു.

| വിഭാഗം | വിദ്യാർത്ഥികളുടെ എണ്ണം | ആൺ | പെൺ | ചെലവഴിച്ച തുക |
|---|---|---|---|---|
| SC | 192 | 52 | 140 | 1344000 |
| OEC | 869 | 136 | 733 | 6085680 |

വിതരണം സംബന്ധിച്ച ഫയലുകളും, രജിസ്റ്ററുകളും വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ പേജ് സർട്ടിഫിക്കേറ്റും, പേജ് നമ്പരും ഇല്ല. ചില പേജുകളിൽ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സൂചിക പേജ് എഴുതുന്നത് നന്നായിരിക്കും. SCക്കും, OECക്കും പ്രത്യേക രജിസ്റ്ററുകൾ പരിപാലിച്ചിട്ടുണ്ട്. ബ്ലോക്കുകളിൽ നിന്ന് വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ ലഭിച്ചതായി കാണുന്നില്ല. നടപടികൾ പൂർത്തിയാക്കിയ ഫയലുകൾ K-Dis-ൽ തീർപ്പാക്കിയിട്ടുണ്ട്.

17. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം

ഇ-ഗ്രാൻസ് വഴി ആലപ്പുഴ ജില്ലയിൽ 2018-19 സാമ്പത്തിക വർഷം വിതരണം ചെയ്ത പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കാറ്റഗറി | കുട്ടികളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|
| 2018-19 | SC | 8579 | ചെലവ് വിവരം E-Grantz സൈറ്റിൽ നിന്ന് ലഭിച്ചിട്ടില്ല. |
| | OEC | 5351 | |
| | OBC | 9244 | |
| | SEBC | 5920 | |
| | KPCR/FC | 5235 | |

എല്ലാ സാമ്പത്തിക വർഷം അവസാനം ഓരോ വിഭാഗത്തിലും ഉള്ള കുട്ടികളുടെ എണ്ണം, ചെലവ് എന്നിവ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നത് നന്നായിരിക്കും. പരാതികൾക്ക് ഇട നൽകാതെ എല്ലാ വിദ്യാർത്ഥികൾക്കും സമയബന്ധിതമായി വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നുണ്ടെന്ന് ADDO ഉറപ്പുവരുത്തേണ്ടതാണ്.

18. പ്രൈമറി/ സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്

സർക്കാർ/ എയ്ഡ് സ്കൂളുകളിൽ I മുതൽ VIII വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2018-19 വർഷം പ്രാഥമിക ചിലവുകൾ വഹിക്കുന്നതിനു വേണ്ടി വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

(a) പ്രൈമറി എയ്ഡ് (ഒന്ന് മുതൽ നാല് വരെ)

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ആൺ | പെൺ | ചെലവഴിച്ച തുക |
|---|---|---|---|---|
| 2018-19 | 7424 | 3509 | 3915 | 1,48,48,000/- |

(b) സെക്കന്ററി എയ്ഡ് (അഞ്ച് മുതൽ എട്ട് വരെ)

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ആൺ | പെൺ | ചെലവഴിച്ച തുക |
|---|---|---|---|---|
| 2018-19 | 9694 | 4566 | 5128 | 1,93,88,000/- |

വിവിധ പട്ടികജാതി വികസന ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന ടി ആനുകൂല്യം സമയബന്ധിതമായി വിതരണം ചെയ്യുന്നുണ്ടെന്ന് ADDO ഉറപ്പുവരുത്തേണ്ടതാണ്. ഹരിപ്പാട് ബ്ലോക്കിൽ നിന്ന് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല, പരിശോധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

19. പ്രത്യേക പ്രോത്സാഹന സമ്മാനം

2018-19 വർഷം ടി പദ്ധതി പ്രകാരം വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2018-19 | 1356 | 3196000/- |

ഫയലും രജിസ്റ്ററും നന്നായി പരിപാലിച്ചിട്ടുണ്ട്. എന്നാൽ ചില പേജുകളിൽ എല്ലാ SCDO-മാരിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല. എല്ലാ SCDO-മാരും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം റിപ്പോർട്ട് ചെയ്യുക. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

20. ബുക്ക് ബാങ്ക് പദ്ധതി

2018-19 വർഷം ടി പദ്ധതി പ്രകാരം വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്ഥാപനങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2018-19 | 5 | 89 | 176600/- |

ഫയലും രജിസ്റ്ററും നന്നായി പരിപാലിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് എ. ജി. ക്ക് അയച്ചതായി കാണുന്നില്ല. ന്യൂനത പരിഹരിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

21. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

2018-19 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം ചെലവഴിച്ച തുകയും കുട്ടികളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | | | ചെലവഴിച്ച തുക |
|---|---|---|---|---|
| | ആൺ | പെൺ | ആകെ | |
| 2018-19 | 104 | 203 | 307 | 1404500/- |

ഫയലും രജിസ്റ്ററും നന്നായി പരിപാലിച്ചിട്ടുണ്ട്. എന്നാൽ പേജ് സർട്ടിഫിക്കറ്റും പേജ് നമ്പരും രേഖപ്പെടുത്തിയിട്ടില്ല. ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതിനും കുട്ടികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി പഠനനിലവാരം ഉറപ്പുവരുത്തുന്നതിനും പട്ടികജാതി പ്രമോട്ടർമാരുടെ സേവനം പട്ടികജാതി വികസന ഓഫീസർമാർ പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ ഉയർന്ന ക്ലാസ്സുകളിൽ എത്തുമ്പോൾ പഠനത്തിൽ പിന്നോക്കം പോകുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

2018-19 വർഷം ജില്ലയിൽ പുതിയതായി തെരഞ്ഞെടുത്ത 110 വിദ്യാർത്ഥികൾക്കും രക്ഷിതാകൾക്കും പുന്നപ്ര ഗവൺമെന്റ് ആഡിറ്റോറിയത്തിൽ വച്ച് 23/12/2018-ന് ഒരു ബോധവൽകരണ സെമിനാർ സംഘടിപ്പിച്ചു. ആയതിലേക്കായി 20000/- രൂപ മാറുകയും ബില്ലുകൾ എന്നാം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ യു. സി. എ. ജി. ക്ക് അയച്ചതായി കാണുന്നില്ല. പരിശോധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

22. ലാപ് ടോപ്പ് വിതരണം.

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2018-19 വർഷം ലാപ്‌ടോപ്പ് വാങ്ങുന്നതിന് അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2018-19 | 67 | 1675000/- |

കുട്ടികളുടെ പേര്, കോഴ്സ്, സ്ഥാപനം, അനുവദിച്ച തുക മുതലായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് പേജ് നമ്പർ ഇല്ല. ADDO സാക്ഷ്യപ്പെടുത്തിയിട്ടില്ല. യു. സി. അയച്ചതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യുക.

23. സ്റ്റെതസ്കോപ്പ് വിതരണം

മെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് 2018-19 വർഷം 15 വിദ്യാർത്ഥികൾക്ക് 87,000/- രൂപ ചിലവഴിച്ചിട്ടുണ്ട്. രജിസ്റ്ററും ഫയലും നന്നായി പരിപാലിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ പേജ് സർട്ടിഫിക്കേറ്റും പേജ് നമ്പരും ഇല്ല. അക്കൗണ്ടന്റ് ജനറലിന് വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

24. അഡ്വക്കേറ്റ് ഗ്രാന്റ്

2018-19 വർഷം ഈ പദ്ധതി പ്രകാരം 5 പേർക്ക് 124400/- രൂപ അനുവദിച്ചിട്ടുണ്ട്. ഫയലുകളും, രജിസ്റ്ററുകളും നന്നായി പരിപാലിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

25. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം

വൃത്തിഹീന തൊഴിലിലും, വേസ്റ്റ് പിക്കിംഗ് തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം ജില്ലയിൽ 203 വിദ്യാർത്ഥികൾക്ക് 366300/- രൂപ ചിലവഴിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

26. ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്

2018-19 സാമ്പത്തിക വർഷം ടി ഇനത്തിലുള്ള ചിലവ് വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്ഥാപനങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2018-19 | 8 | 1226 | 1487031 |

അംഗീകാരമുള്ള CBSE സ്കൂളുകളിൽ പഠിക്കുന്ന അർഹതയുള്ള എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ട്യൂഷൻ ഫീസ് റി ഇംബേഴ്സ്മെന്റ് ലഭിക്കുന്നുണ്ടെന്ന് ADDO ഉറപ്പുവരുത്തേണ്ടതാണ്. ചില പട്ടികജാതി വികസന ഓഫീസർമാർ സമയബന്ധിതമായി ടി ആനുകൂല്യം മാറി നൽകുന്നില്ലന്ന പരാതി ലഭിച്ചിട്ടുള്ളതിനാൽ ജില്ലാ പട്ടികജാതി വികസന ആഫീസർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

27. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം

മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുന്ന പദ്ധതി പ്രകാരം 2018-19 വർഷം 104 വിദ്യാർത്ഥികൾക്ക് 10,40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ എത്ര പേർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ടെന്ന വിവരം ലഭ്യമല്ല. മുൻ വർഷങ്ങളിൽ ഇപ്രകാരം പരിശീലനം ലഭിച്ച എത്ര വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനിയറിംഗ് പ്രവേശനത്തിന് അർഹത നേടിയിട്ടുണ്ടെന്ന വിവരം വർഷം തിരിച്ച് ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാൻ SCDO-മാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഫയലും രജിസ്റ്ററും നന്നായി പരിപാലിച്ചിട്ടുണ്ട്. എന്നാൽ ചില രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റും പേജ് നമ്പരും ഇല്ല. രജിസ്റ്ററിൽ ADDO സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2017-18-ലെ വിദ്യാർത്ഥികൾക്ക് രണ്ടാം വർഷ ആനുകൂല്യം കൊടുക്കുമ്പോൾ സ്റ്റേറ്റ്മെന്റിൽ Renewal എന്ന് കാണിക്കേണ്ടതാണ്. എ. ജി. ക്ക് യു. സി. അയച്ചതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

28. പ്രാഥമിക ചെലവിനുള്ള ഗ്രാന്റ്

എഞ്ചിനീയറിംഗ് /മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രാഥമിക ചെലവുകൾ നടത്തുന്നതിന് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | | | ചെലവഴിച്ച തുക |
|---|---|---|---|---|
| | എഞ്ചിനീയറിംഗ് | മെഡിക്കൽ | ആകെ | |
| 2018-19 | 29 | 3 | 32 | 175000/- |

ഫയലുകൾ നന്നായി പരിപാലിച്ചിട്ടുണ്ട് എ. ജി. ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് അയച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റു പരാമർശങ്ങൾ ഇല്ല.

29. വിജ്ഞാൻ വാടി

ജില്ലയിൽ 14 വിജ്ഞാൻവാടികൾ ആണ് നിലവിൽ ഉള്ളത്. മാവേലിക്കര ബ്ലോക്കിൽ-6, ഭരണിക്കാവ് ബ്ലോക്കിൽ-3, അമ്പലപ്പുഴ, ചമ്പക്കുളം, കഞ്ഞിക്കുഴി, വെളിയനാട്, പട്ടണക്കാട് ബ്ലോക്കുകളിൽ ഒന്ന് വീതം ഇതിൽ 3 എണ്ണം പ്രളയത്തിൽ നശിച്ചതിനാൽ പ്രവർത്തിക്കുന്നില്ല. രണ്ടെടുത്ത് സിസ്റ്റം ഓപ്പറേറ്റർ ഇല്ലാത്തതിനാൽ താൽക്കാലികമായി പ്രവർത്തിക്കുന്നില്ല. അനുബന്ധ സൗകര്യം ലഭ്യമാക്കിയും, ആളെ നിയമിച്ചും അടഞ്ഞ് കിടക്കുന്നവ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യ/വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് വിജ്ഞാൻവാടി. ഈ പദ്ധതി വേണ്ടവണ്ണം പ്രയോജനപ്പെടുത്തുവാൻ പട്ടികജാതി വിഭാഗങ്ങൾക്ക് കഴിയുന്നില്ല.

30. IX & X ക്ലാസ്സുകളിൽ പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്

(കേന്ദ്ര സഹായ പദ്ധതി)

9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈഫന്റും, ഗ്രാന്റും നൽകുന്ന കേന്ദ്ര സഹായ പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം 2018-19 വർഷം ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| Year | Application Uploaded | Application Approved | Fund Transferred |
|---|---|---|---|
| 2018-19 | 2449 | 2206 | 5226250/- |

ചെങ്ങന്നൂർ ബ്ലോക്കിൽ നിന്ന് ഒരു അപേക്ഷപോലും upload ചെയ്തിട്ടില്ല. അമ്പലപ്പുഴ ബ്ലോക്കിൽ പ്പെട്ട ആർക്കും Sanction നൽകിയിട്ടില്ല. മാവേലിക്കര ബ്ലോക്കിൽ നിന്ന് അയച്ച 322 അപേക്ഷയും Sanction നൽകിയിട്ടുണ്ട് എന്നാൽ തുക ഒന്നും ചിലവഴിച്ചിട്ടില്ല. ടി ബ്ലോക്കുകളിലെ SCDO-മാർ തുക മാറി നൽകാത്തതിനുള്ള കാരണം അറിയിക്കേണ്ടതാണ്. ജില്ലാ പട്ടികജാതി വികസന ആഫീസർ ടി ബ്ലോക്കുകളിലെ SCDO-മാർക്ക് കർശന നിർദ്ദേശം നൽകി അടിയന്തിരമായി തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

31. സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം.

കേരളത്തിന് പുറത്തേ വിദ്യാഭ്യാസ സ്ഥാപനങ്ങളില് പഠിക്കുന്ന കേരളീയരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിയ GOK/GOI Scholarship വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2018-19 | 52 | 1347924/- |

ടി വിദ്യാർത്ഥികൾക്ക് സമയബന്ധികമായി ആനുകൂല്യം മാറി നൽകുന്നുണ്ടെന്ന് ADDO ഉറപ്പു വരുത്തേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

32. പഠനയാത്രാ പര്യടന പരിപാടി

സംസ്ഥാനത്ത് ഹയർ സെക്കണ്ടറി മുതൽ മുകളിലോട്ടുള്ള കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്നതിന് അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| Year | No. of Institutions | No. of Students | Amount |
|---|---|---|---|
| 2018-19 | 32 | 458 | 1733092/- |

ഫയൽ നന്നായി പരിപാലിച്ചിട്ടില്ല. രജിസ്റ്റർ നന്നായി പരിപാലിച്ചിട്ടുണ്ട്. എന്നാൽ പേജ് സർട്ടിഫിക്കറ്റും, പേജ് നമ്പരും ഇല്ല. മറ്റ് പരാമർശങ്ങൾ ഇല്ല.

പാർട്ട് -IV

മറ്റു രജിസ്റ്ററുകൾ

1. ഡെസ്പാച്ച് കം-സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ:
   (a) രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട് 08/02/2019 മുതൽ 15/07/2019 വരെയുള്ള രജിസ്റ്ററിൽ (വാല്യം III ൽ) പേജ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.
   (b) ഇപ്പോൾ ദ്വൈവാര ഭൗതിക പരിശോധനാ സാക്ഷ്യപത്രം എഴുതി സാക്ഷ്യപ്പെടുത്തി വരുന്നുണ്ട്. പരിശോധന തീയതിയിൽ 17.10.19-ന് രജിസ്റ്റർ പ്രകാരം ആകെ 4841/- രൂപയുടെ സ്റ്റാമ്പ് നീക്കിയിരിപ്പുണ്ടായിരുന്നു. ആയത് ശരിയാണെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

2. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ:

നിശ്ചിത മാതൃകയിലുള്ള ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ (KFC VoL I, Art-63 പ്രകാരമുള്ളത്) പരിപാലിച്ചിട്ടില്ല. ഏ. ജി. യുടെയും വകുപ്പിന്റെയും പരിശോധനാ റിപ്പോർട്ടുകളിലെ പെന്റിംഗ് ഉള്ള ഖണ്ഡികളെ പരാമർശിച്ചു കൊണ്ടുള്ള ഒരു സാധാരണ രജിസ്റ്റർ നിലവിൽ പരിപാലിച്ച് വരുന്നു. നിശ്ചിത മാതൃകയിലുള്ള ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിച്ച് അറിയിക്കേണ്ടതാണ്.

87

3. ലോഗ് ബുക്ക്

(a) KL.01.BR.8411, Mahindra BOLERO (ഡീസൽ) യാണ് നിലവിൽ ഉപയോഗിച്ചു വരുന്ന വാഹനം. 11/09/15-ലെ ഇന്ധന ഉപഭോഗ സർട്ടിഫിക്കറ്റ് പ്രകാരം 11.50 Km/Ltr Diesel ആയിരുന്നു അനുവദിക്കപ്പെട്ട മൈലേജ് എന്നാൽ 28/11/2018-ലെ ഇന്ധന ഉപഭോഗ സർട്ടിഫിക്കറ്റ് പ്രകാരം വാഹനത്തിന്റെ മൈലേജ് 12 Km/Ltr Diesel ആണ്. ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസിലെ വാഹനത്തിന്റെ പ്രതിമാസ ഇന്ധന പരിധി 110 Ltr Diesel ആണ്. 17/08/2018 മുതൽ 16/09/2018 വരെയും 01/02/2019 മുതൽ 09/06/2019 വരെയും ഉള്ള കാലയളവുകളിൽ വാഹനം കളക്ടറേറ്റിലെ വിവിധ ആവശ്യങ്ങൾക്കായി ഏറ്റെടുക്കുകയുണ്ടായി (ലോകസഭാ ഇലക്ഷൻ, പ്രളയം എന്നിവയുമായി ബന്ധപ്പെട്ട്) വാഹനം കളക്ടറേറ്റിലെ ആവശ്യങ്ങൾക്കായി ഉപയോഗിച്ച മാസങ്ങളിൽ ഒഴികെ ഇന്ധന പരിധി അധികരിച്ചിട്ടില്ലെന്നു കാണുന്നു. 04/2018 മുതൽ 3/2019 വരെയുള്ള കാലയളവിലെ ഇന്ധന ഉപയോഗം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| Month | Stock of Fuel(in Ltr) | Fuel Purchased For the month (in Ltr) | Total (in Ltr) | Journey (in km) | Fuel used for the month (in Ltr) | Balance Fuel (in Ltr) | Excess if any (in Ltr) |
|---|---|---|---|---|---|---|---|
| April 2018 | 18.24 | 64.32 | 82.56 | 826 | 71.82 | 10.74 | |
| May 2018 | 10.74 | 91.39 | 102.13 | 1028 | 89.39 | 12.74 | |
| June 2018 | 12.77 | 33.41 | 46.15 | 484 | 42.08 | 4.07 | |
| July 2018 | 4.07 | 83.00 | 87.07 | 902 | 78.43 | 8.64 | |
| August 2018 | 8.64 | 125.62 | 134.26 | 1360 | 118.26 | 16.00 | 8.26 |
| September 2018 | 16.00 | 138.24 | 154.24 | 1736 | 150.95 | 3.29 | 40.95 |
| October 2018 | 3.29 | 157.27 | 160.56 | 1198 | 104.17 | 56.39 | |
| November 2018 | 56.39 | - | 56.39 | 434 | 36.16 | 20.23 | |
| December 2018 | 20.23 | 85.65 | 105.88 | 990 | 82.50 | 23.38 | |
| January 2019 | 23.38 | 35.81 | 59.19 | 134 | 11.16 | 48.03 | |
| February 2019 | 48.03 | 160.00 | 208.03 | 2163 | 180.25 | 27.78 | 70.25 |
| March 2019 | 27.78 | 230.00 | 257.78 | 2931 | 244.25 | 15.53 | 134.25 |

(b) 1/11/2017 മുതൽ 02/02/2019 വരെയുള്ള ലോഗ് ബുക്കിലെ പേജ് 36,41,47 എന്നിവയിലെയും 05/02/2019 മുതലുള്ള ലോഗ് ബുക്കിലെ 7,15 എന്നീ പേജുകളിലെയും മാസാന്ത്യ സംക്ഷിപ്തം ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

4. വാഹനത്തിന്റെ ഹിസ്റ്ററി ബുക്ക് (History Book of Vehicle)

AG.O.(P).No. 161/2006/Fin dated, 31/03/2006 പ്രകാരം, സ്വന്തമായി വാഹനം ഉപയോഗിക്കുന്ന എല്ലാ ഓഫീസികളിലും (History Book of Vehicle) സൂക്ഷിക്കേണ്ടതാണ്. വാഹനത്തിന്റെ തുടങ്ങിയ എല്ലാ വിവരങ്ങളും ടി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്, എന്നാൽ ഈ ഓഫീസിൽ അപ്രകാരം ഹിസ്റ്ററി ബുക്ക് ഓഫ് വെഹിക്കിൾ പരിപാലിച്ചിട്ടില്ല. [illegible]

5. <u>സേവന പുസ്തകങ്ങൾ</u>

(a) <u>ജീവാനന്ദ് കെ. എ. PEN -66785, സീനിയർ ക്ലാർക്ക്:</u>

സർവ്വീസ് ബുക്കിലെ പേഴ്സണൽ മെമ്മോറാണ്ടയിൽ ഒട്ടിച്ചിട്ടുള്ള ഫോട്ടോ അറ്റസ്റ്റ് ചെയ്തിട്ടില്ല. സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് കാലികമായി രേഖപ്പെടുത്തിയിട്ടില്ല.. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

(b) <u>തുളസി കെ. വി., കുക്ക്:-</u>

സർവ്വീസ് ബുക്കിലെ പേഴ്സണൽ മെമ്മോറാണ്ടയിൽ പതിച്ച ഫോട്ടോ അറ്റസ്റ്റ് ചെയ്തിട്ടില്ല. സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. സർവ്വീസ് ബുക്കിൽ പെർമനന്റ് എംപ്ലോയി നമ്പർ രേഖപ്പടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

(c) <u>സേതുലക്ഷ്മി എം. എൻ കുക്ക്</u>

സർവ്വീസ് ബുക്കിലെ പേഴ്സണൽ മെമ്മോറാണ്ടയിൽ പതിച്ച ഫോട്ടോ അറ്റസ്റ്റ് ചെയ്തിട്ടില്ല. സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. പെർമനന്റ് എംപ്ലോയി നമ്പർ എഴുതിയിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

(d) <u>സാനി റ്റി. എസ്, PEN -688588, ഓഫീസ് അറ്റൻഡന്റ്:-</u>

സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് കാലികമായി രേഖപ്പെടുത്തിയിട്ടില്ല. ടിയാൻ 20/05/2019 മുതൽ 23/05/2019 വരെ 4 ദിവസത്തെയും 24/06/2019 മുതൽ 29/06/2019 വരെ 6 ദിവസത്തേയും കമ്മ്യൂട്ടഡ് ലീവും 10 ദിവസത്തെ പെറ്റേണിറ്റി ലീവും എടുത്തതായി കാണുന്നു. ആർജ്ജിതാവധി കണക്കാക്കുമ്പോൾ ഈ ദിവസങ്ങൾ കുറവ് വരുത്തേണ്ടതാണ്.

6. <u>കണ്ടിജന്റ് രജിസ്റ്റർ</u>

KFC Form 10 പ്രകാരമുള്ള കണ്ടിജന്റ് ബിൽ രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. ചില പേജുകളിൽ ബില്ലുകൾ മാറിയ ശേഷം തുക ബാക്കിയുള്ളതായി കാണുന്നു. ഓരോ ശീർഷകത്തിലും ബാലൻസ് തുക ഇല്ലെങ്കിൽ പ്രസ്തുത കോളത്തിൽ ഇല്ല എന്നു ബാലൻസ് തുക ഉള്ള പക്ഷം അവയുടെ Surrender/Resume വിവരങ്ങൾ കൂടി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

7. <u>അലോട്ട്മെന്റ് രജിസ്റ്റർ</u>

രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്, എന്നാൽ രജിസ്റ്റർ അപൂർണ്ണമാണ്. രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ്, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഓരോ ശീർഷകത്തിലും ഡയറക്ട്രേറ്റിൽ നിന്ന് ലഭിച്ച തുക, ലഭിച്ച തീയതി എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ഓരോ ശീർഷകത്തിൽ നിന്ന് പട്ടികജാതി വികസന ആഫീസർമാർക്ക് നൽകിയ തുകയോടൊപ്പം നൽകിയ തീയതിയും ബാക്കി തുകയും രേഖപ്പെടുത്തേണ്ടതാണ്. എല്ലാ പേജിലും ജില്ലാ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ ഇനി മുതൽ കൃത്യമായും പാലിക്കേണ്ടതാണ്.

8. <u>ഇൻക്രിമെന്റ് രജിസ്റ്റർ</u>

രജിസ്റ്റർ നന്നായി പരിപാലിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

9. <u>പേ ബിൽ രജിസ്റ്റർ</u>

പേ ബിൽ രജിസ്റ്റർ അപൂർണ്ണമാണ്. പല ജീവനക്കാരുടെയും GIS/SLI/GPF NO: കൾ രേഖപ്പെടുത്തിയിട്ടില്ല. ട്രാൻസ്ഫർ ആയി പോയ ജീവനക്കാരുടെ ട്രാൻസ്ഫർ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ട്രാൻസ്ഫർ ഓർഡറിന്റെ/LPC യുടെ പകർപ്പുകൾ ഒട്ടിച്ചിട്ടില്ല. പലരുടെയും ശമ്പള വിവരങ്ങൾ അതാത് മാസത്തിന് [illegible]

പല പേജുകളിലും ജില്ലാ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

10. <u>ഇൻകംപന്റ് രജിസ്റ്റർ</u>

രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നില്ല, റിലീവ് ആയി പോയ പലരുടെയും റിലീവ് ചെയ്ത തീയതി, ട്രാൻസ്ഫർ ആയി പോയ ഓഫീസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ടി രജിസ്റ്റർ എപ്പോഴും അപ്ഡേറ്റ് ആയി സൂക്ഷിക്കേണ്ടതാണ്. പല പേജുകളിലും ജില്ലാ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. എല്ലാ പേജുകളിലും വിട്ടു പോയ വിവരങ്ങൾ പരിശോധിച്ചു രേഖപ്പെടുത്തി ന്യൂനത പരിഹരിക്കേണ്ടതാണ്.

10. <u>ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്റർ</u>

വാർഷിക ഭൗതീക പരിശോധന നടത്തേണ്ടതാണ്. ഇലക്ട്രോണിക്ക് ഉപകരണങ്ങൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

<u>പൊതു അഭിപ്രായം</u>

ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. ഫയൽ, രജിസ്റ്ററുകൾ എന്നിവ വൃത്തിയായി സൂക്ഷിക്കുന്നതിന് ഓഫീസ് ജീവനക്കാരെ പ്രത്യേകം അഭിനന്ദിക്കുന്നു. വിവിധ പദ്ധതികൾക്കായി ബ്ലോക്ക് പട്ടികജാതി വികസന ആഫീസുകൾ വഴി ചെലവഴിക്കുന്ന തുകയും മറ്റു വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എല്ലാ ബ്ലോക്കുകളിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയക്കുന്നുണ്ടെന്ന് ജില്ലാ പട്ടികജാതി വികസന ആഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ട് അംഗീകാരത്തിനായി.

സീനിയർ ഫിനാൻസ് ആഫീസർ

Sn 12/12/2019